**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **11-09-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ മേഞ്ഞാണ്യം എൽ.പി.സ്കൂൾ സർക്കാരിന് വിട്ടുനൽകിയിരുന്നോ; എങ്കിൽ പ്രസ്തുത സ്കൂൾ ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിലെ മേഞ്ഞാണ്യം എൽ.പി.സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച അപേക്ഷ ഇതുവരെയും ലഭിച്ചിട്ടില്ല. |
| (ബി) | ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കുമോ; 2015-ന് ശേഷം സ്കൂൾ മാനേജരുടെ മരണത്തെ തുടർന്ന് പ്രസ്തുത സ്കൂളിലെ നിലവിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നടുവണ്ണൂർ ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ 17.02.2021-ലെ സ.ഉ(എം.എസ്)നം.82/2021/പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ ഏറ്റെടുത്തു. 04.06.2022-ലെ സ.ഉ.(സാധാ)നം.3392/2022/പൊ.വി.വ പ്രകാരം പൂർണ്ണമായി ഏറ്റെടുത്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.08.2023 തീയതിയിലെ എ.സി.ഡി.വി1/268379/2022/ എച്ച്.എസ്.ഇ നമ്പർ ഉത്തരവ് പ്രകാരം വാസുദേവാശ്രമം ഹയർ സെക്കന്ററി സ്കൂളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാൻ വടകര ഡി.ഇ.ഒ യെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിന് എം.എൽ.എ. വിളിച്ച് ചേർത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിന്റെ തീരുമാനമനുസരിച്ച് വടകര ഡി.ഇ.ഒ. യ്ക്ക് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; ആയത് സംബന്ധിച്ച് ഡി.ഇ.ഒ. പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | നടുവണ്ണൂർ ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ 17.02.2021-ലെ സ.ഉ(എം.എസ്)നം.82/2021/പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ ഏറ്റെടുത്തു. 04.06.2022-ലെ സ.ഉ.(സാധാ)നം.3392/2022/പൊ.വി.വ പ്രകാരം പൂർണ്ണമായി ഏറ്റെടുത്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.08.2023 തീയതിയിലെ എ.സി.ഡി.വി1/268379/2022/ എച്ച്.എസ്.ഇ നമ്പർ ഉത്തരവ് പ്രകാരം വാസുദേവാശ്രമം ഹയർ സെക്കന്ററി സ്കൂളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാൻ വടകര ഡി.ഇ.ഒ യെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്കൂളിലെ നിലവിലെ ഹെഡ്മിസ്ട്രസ് ആരാണെന്നും ഇവർക്ക് എച്ച്.എം. ആയി അപ്പ്രൂവൽ ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എച്ച്.എം. ന്റെ നിയമനം എപ്രകാരമാണെന്നും വ്യക്തമാക്കുമോ; | (ഡി) | 01.12.2019 മുതൽ സ്കൂളിലെ പ്രധാന അദ്ധ്യാപികയുടെ ചുമതല അദ്ധ്യാപികയായ ശ്രീമതി.ഗീതാ പൊയ്യത്ത് ആണ് നിർവഹിച്ചു വരുന്നത്. പ്രധാനാധ്യാപികയായി അംഗീകാരം ലഭിക്കാതെയാണ് പ്രസ്തുത ചുമതല നിർവഹിച്ചു വരുന്നത്.<br><br>01.12.2015 ന് സ്കൂൾ മാനേജർ മരണപെട്ടതിനാൽ പ്രധാനാധ്യാപക നിയമനം അംഗീകരിച്ചിരുന്നില്ല. 01.12.2019 മുതൽ പ്രധാനാധ്യാപക ചുമതല വഹിച്ചുവരുന്ന ശ്രീമതി ഗീതാ പൊയ്യത്താണ് ടി സ്കൂളിലെ സീനിയർമോസ്റ്റ് അധ്യാപിക. കെ ഇ ആർ പ്രകാരം അക്കൗണ്ട് ടെസ്റ്റ് ,കെ ഇ ആർ, എന്നീ പരീക്ഷകൾ വിജയിക്കുകയും 12 വർഷം ഗ്രാജുവേറ്റ് സർവീസ് ഉള്ള അദ്ധ്യാപകരിൽ സീനിയർമോസ്റ്റ് ആയ അധ്യാപകനെയാണ് പ്രധാനാധ്യാപക തസ്തികയിൽ പരിഗണിക്കുന്നത്. |
| (ഇ) | ഹയർ സെക്കണ്ടറി വിഭാഗത്തിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രൊമോഷൻ, പ്രൊബേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടത് ആരാണെന്നും ആയതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ഇ) | സർക്കാർ മേഖലയിൽ അദ്ധ്യാപകരുടെയും ഒന്നാം ഗസറ്റഡ് തസ്തിക വരെയുള്ള അനദ്ധ്യാപകരുടെയും പ്രൊമോഷൻ, പ്രൊബേഷൻ എന്നിവ നടത്തുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറാണ്. രണ്ടാം ഗസറ്റഡ് തസ്തികയിൽ സർക്കാരാണ് നിർവ്വഹിക്കുന്നത് .എയ്ഡഡ് മേഖലയിൽ ബന്ധപ്പെട്ട ആർ.ഡി.ഡി മാരാണ് ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടത് .പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.08.2023 തീയതിയിലെ എ.സി.ഡി.വി1/268379/2022/ എച്ച്.എസ്.ഇ നമ്പർ ഉത്തരവ് പ്രകാരം വാസുദേവാശ്രമം ഹയർ സെക്കന്ററി സ്കൂളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാൻ വടകര ഡി.ഇ.ഒ യെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്വീകരിച്ചു വരുന്നു |
| (എഫ്) | നിലവിൽ പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (എഫ്) | എച്ച്.എസ്.ടി(എൻ.എസ്)-1<br><br>ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ